കവർസ്റ്റോറി


○

റസിയ ചാലക്കൽ




# നിളാ തീരത്തെ സ്ത്രീ സാഗരം


**അല്ലാഹുവിന്റെ** അപാരമായ അനുഗ്രഹത്താൽ കുറ്റിപ്പുറം സ്വഫാ നഗർ കേരളചരിത്രത്തിലെ ഐതിഹാസിക സംഭവത്തിന് സാക്ഷിയായപ്പോൾ പ്രചാരണവും പ്രവർത്തനവും സംഘാടനവും വനിതകൾ തന്നെ ഏറ്റെടുത്തു നടത്തിയ ജമാഅത്തെ ഇസ്ലാമി കേരള വനിതാ സമ്മേളനം സമ്മിശ്രവികാരങ്ങളോടെയാണ് ലോക മലയാളികൾ വീക്ഷിച്ചത്. ഒക്ടോബർ 4-ാം തീയതി തിരുവനന്തപുരത്ത് നടന്ന പ്രഖ്യാപന സമ്മേളനത്തോടെ സാമൂഹിക വിപ്ലവത്തിന് വേണ്ടിയുള്ള സ്ത്രീശക്തിയുടെ ആഹ്വാനമായിരുന്നു കേരളക്കരയാകെ. സ്ത്രീ സംബന്ധമായ വിഷയങ്ങളിൽ അവസരോചിതമായി പ്രതികരിക്കുന്ന ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗം കാലിക പ്രസക്തമായ ഒരു വിഷയം-'സാമൂഹ്യ വിപ്ലവത്തിനു സ്ത്രീശക്തി'-സമ്മേളന പ്രമേയമായി തെരഞ്ഞെടുത്തപ്പോൾ ജാതി-മത ഭേദമന്യേ കേരളത്തിലെ സ്ത്രീസമൂഹം അതിനംഗീകാരം നൽകിയത് സ്ത്രീ പക്ഷ സാമൂഹിക വിപ്ലവം കാലഘട്ടത്തിന്റെ അനി


■ കെ.കെ സുഹറ


■ അതിയ്യ സിദ്ദീഖ


■ ഇ.സി ആഇശ


■ റസിയ ചാലക്കൽ



■ പി.വി റഹ്മാബി


വാര്യതയായി സമൂഹം തിരിച്ചറിഞ്ഞു എന്നതിന് തെളിവാണ്.

വേണ്ടിവന്നാൽ തെരുവിലെ ചുമരും പെൺകരങ്ങൾക്ക് എഴുത്തിന് വഴങ്ങുമെന്ന് തെളിയിച്ചുകൊണ്ട് വൈവിധ്യമാർന്ന പ്രചാരണ പരിപാടികളാണ് കേരളത്തിലങ്ങോളമിങ്ങോളം നടന്നത്. പൊതുയോഗങ്ങൾ, സെമിനാറുകൾ, ഗൃഹാങ്കണ യോഗങ്ങൾ, വ്യക്തി സംഭാഷണങ്ങൾ, വാഹന പ്രചാരണ ജാഥകൾ, പത്ര സമ്മേളനങ്ങൾ എന്നിവക്കു പുറമെ കലാകായിക വേദികളും ഈദ് ഗാഹുകളും സമ്മേളന പ്രചാരണത്തിനായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. തദ്ഫലമായി വീടിന്റെ പടികടന്ന് അല്ലാഹുവിന്റെ വിശാലമായ ഭൂമിയിലേക്ക് സ്ത്രീകൾ ഒഴുകിയെത്തി. ഭദ്രമായ കുടുംബ സംവിധാനത്തോടൊപ്പം സാമൂഹിക സംവിധാനവും ഏറ്റെടുക്കാനുള്ള ഉൾക്കരുത്തോടെ ആയിരങ്ങൾ പ്രചാരണ പരിപാടികൾക്ക് സാന്നിധ്യംകൊണ്ട് ശക്തി പകർന്നു. കാലങ്ങളായി തങ്ങൾ പേറി നടക്കുന്ന ദുരിതങ്ങളുടെ മാറാപ്പ് ഇറക്കിവെക്കാൻ ഒരിടം തേടി അലയുകയായിരുന്നു നിളയിലെ തെളിനീരുപോലെ നിർമലമായ കേരളത്തിലെ പെൺ മനസ്സുകൾ. ദുരിതങ്ങളുടെ കരിപുരണ്ട് അവരുടെ ശരീരവും മനസ്സും വികൃതമായപ്പോൾ സ്വഫാ നഗറിലേക്കുള്ള വിളി അവർക്കു നൽകിയ ആത്മവിശ്വാസം ചെറുതൊന്നുമല്ല. അതുകൊണ്ടു തന്നെയാണ് നിളയുടെ മാറിടത്തിൽ വിശാലമായ ആകാശത്തിനു താഴെ, അവർ എത്താൻ കൊതിക്കുന്ന മോചനത്തിന്റെ പുതിയ ചക്രവാളത്തെ വീക്ഷിക്കാൻ, ഒരു ലക്ഷത്തിൽപരം സ്ത്രീകൾ ആവേശപൂർവം ഒത്തു ചേർന്നത്.

ഞായറാഴ്ച രാവിലെ മുതൽ തന്നെ സ്ത്രീകൾ എത്തിത്തുടങ്ങിയ നിളാ നദിക്കര ഉച്ചയോടെ സ്ത്രീ സാഗരമായി മാറുകയായിരുന്നു. മണൽപ്പരപ്പിലൂടെയുള്ള അൽപം ശ്രമകരമായ നടത്തം ഹാജറാബീവിയുടെ ഓട്ടമാണ് സ്മരണയിലെത്തിച്ചത്. ശാന്തമായൊഴുകുന്ന നിളാ നദി സംസമിന്റെ നീരൊഴുക്ക് സ്മൃതിപഥത്തിലെത്തിച്ചു. അസഹ്യമായ വെയിലും തീക്ഷ്ണമായ ചൂടും പ്രതിനിധികളുടെ ഹൃദയത്തിലെ ആവേശത്തെ തളർത്തിയില്ല. വിശ്വാസത്തിന്റെ കരുത്തും പ്രത്യാശയുടെ പ്രകാശവും സ്ഫുരിക്കുന്ന മുഖങ്ങൾ! പ്രായവും രോഗവും മറന്ന് 'ഞങ്ങളിനി പിന്നോട്ടില്ല' എന്ന് മന്ത്രിച്ചുകൊണ്ട് അവർ നേരത്തെ തന്നെ ചൂടുള്ള മണൽപ്പരപ്പിൽ ഇരിപ്പിടങ്ങൾ കണ്ടെത്തി.

സ്വഫാ കുന്നിന്റെ മുകളിൽ നിന്നുള്ള പ്രവാചകന്റെ വിളികേട്ട് ഓടിക്കൂടിയ ജനസഞ്ചയത്തെ ഓർമിപ്പിക്കുന്നതായിരുന്നു സ്വഫാ നഗറിലേക്കുള്ള വിളിക്കുത്തരം നൽകി ഒത്തു കൂടിയ സ്ത്രീ സദസ്സ്. വകുപ്പു തിരിച്ചുള്ള ആസൂത്രിതമായ പരിപാടികളിലൂടെ മാസങ്ങൾക്കു മുമ്പു തന്നെ വളണ്ടിയർമാരെ സജ്ജരാക്കുക വഴി അർപണ ബോധവും സ്ഥിരചിത്തതയുമുള്ള കർമധീരരായ വനിതാ പ്രവർത്തകരെകൊണ്ട് സ്വഫാ നഗർ അടുക്കും ചിട്ടയുമുള്ള ഒരു വനിതാ സംഗമത്തിന് സാക്ഷിയാവുകയാ

■ എ. റഹ്മത്തുന്നിസ ■ കെ.കെ റഹീന ■ സുബൈദ തിരൂർക്കാട് ■ എച്ച്. നുസ്റത്ത് ■ നൂർബീന റഷീദ്


യിരുന്നു. സൗകര്യങ്ങളൊരുക്കാൻ സഹായിച്ചുകൊണ്ടിരുന്ന തെരഞ്ഞെടുക്കപ്പെട്ട പുരുഷന്മാർ ഞായറാഴ്ച പുലർച്ചയോടെ നഗരി വിട്ടതോടെ, സ്വീകരണ കേന്ദ്രം മുതൽ ഭക്ഷണ ശാലവരെ, വെള്ളം, ശുചീകരണം സ്റ്റേജ്, അനൗൺസ്മെന്റ്, ഫോട്ടോ ഗ്രാഫി, വീഡിയോ, വിവിധ സ്റ്റാളുകൾ തുടങ്ങി എല്ലാ വകുപ്പുകളും വനിതാ വളണ്ടി യർമാർ ഏറ്റെടുത്തുകൊണ്ട് കൈമെയ് മറന്ന് പണിയെടുക്കാൻ തുടങ്ങിയപ്പോൾ സമ്മേളന നടത്തിപ്പ് പൂർണാർഥത്തിൽ വളയിട്ട കൈകളിലേക്ക് കൈമാറി. വിശി ഷ്ടാതിഥികൾക്കും മാധ്യമപ്രവർത്തകർക്കുമായി പ്രത്യേക സ്വീകരണകേന്ദ്രങ്ങൾ – തേക്കടി ദുരന്തം മുതൽ സമ്മേളന പ്രചാരണ പരിപാടികൾ വരെ കോർത്തിണക്കി ജി.ഐ.ഒ സജ്ജമാക്കിയ കാഴ്ചപ്പുര– സമ്മേളന വിവരങ്ങൾ മുദ്രണം ചെയ്ത ലേഡീസ് ബാഗുകൾ, പേഴ്സുകൾ, കീചെയിൻ , പാത്രങ്ങൾ തുടങ്ങിയവയുടെ സ്റ്റാളു കൾ–എല്ലാ അർഥത്തിലും അനുഭൂതിയുടെ നവ്യാനുഭവമായി സ്വഫാ നഗർ.


കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്ന് ജമാഅത്തെ ഇസ്ലാമി വനിതാ വിഭാഗം പ്രതിനിധികളും, ചെന്നൈ, മംഗലാപുരം, ബംഗളൂരു, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് പ്രതിനിധികളും അഭ്യുദയകാംക്ഷികളും എത്തിച്ചേർന്നതോടെ വീടകങ്ങളിൽ നിന്ന് പുറത്തേക്കൊഴുകിയ സ്ത്രീകൾ ആവേ ശഭരിതരായി. പടിഞ്ഞാറെ മാനത്ത് സൂര്യൻ അസ്തമയ ശോഭ പരത്തുന്നതുവരെ നിരനിരയായി നടന്നു നീങ്ങുന്ന പെൺ സംഘങ്ങളെ കാണാമായിരുന്നു. സാമൂഹിക വിപ്ലവ പ്രവർത്തനങ്ങൾക്കിടയിൽ സ്ത്രീയുടെ പ്രഥമ ദൗത്യമായ മാതൃത്വവും ശിശു പരിപാലനവും മറന്നിട്ടില്ല എന്നറിയിക്കുന്നതായിരുന്നു സമ്മേളന നഗരിയിൽ പ്ര ത്യേകം തയാറാക്കിയ പന്തലിനുള്ളിലെ താരാട്ടുതൊട്ടിലുകൾ. തൊട്ടിലാട്ടുന്ന കൈ കൾക്ക് മൈക്കും വീഡിയോ കാമറയും വാക്കി ടോക്കിയുമൊക്കെ വഴങ്ങുമെന്ന് തെളിയിച്ച അനർഘ നിമിഷങ്ങൾ! ആധുനിക ടെക്നോളജിയുടെ പിൻബലത്തോടെ സജ്ജമാക്കിയ നഗരിയിലെ സംവിധാനങ്ങൾ കേരളത്തിലെ സ്ത്രീ സമൂഹത്തിനു തന്നെ അഭിമാനിക്കത്തക്കതായിരുന്നു. പുരോഗമന പ്രസ്ഥാനങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും സമ്മേളനങ്ങളിൽ പോലും പാർശ്വവൽക്കരിക്കപ്പെടുന്ന സ്ത്രീ സദ സ്സുകളാണ് നമ്മൾ കണ്ടിട്ടുള്ളത്. അജ്ഞതയുടെയും അന്ധവിശ്വാസാനാചാരങ്ങളു ടെയും ഭൗതികതയുടെയും ചങ്ങലക്കെട്ടുകൾ ഭേദിച്ച് കടന്നുവരാൻ ജമാഅത്തെ ഇസ്ലാമി വർഷങ്ങളായി സ്ത്രീകൾക്കിടയിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫല മായിരുന്നു സംഘാടന മികവുകൊണ്ടും നവീന സംവിധാനങ്ങൾ കൊണ്ടും ശ്രദ്ധേ യമായ ഈ വനിതാ സമ്മേളനം. സദസ്സിൽ അണിനിരന്ന സ്ത്രീ വളണ്ടിയർമാരുടെ സേവനങ്ങൾക്ക് സർവ പിന്തുണയുമേകി ക്ഷമയുടെയും ത്യാഗത്തിന്റെയും മൂർത്തീ ഭാവങ്ങളായ സ്ത്രീജനങ്ങൾ നഗരിയിലെ അപര്യാപ്തതകളെ സൗകര്യങ്ങളാക്കി മാറ്റാൻ പരസ്പരം സഹകരിച്ചപ്പോൾ സദസ്സ് ശാന്ത ഗംഭീരമായി.


■ സൗദ പടന്ന


■ പ്യാരിജാൻ


■ കെ.എൻ സുലൈഖ


■ സഫിയ്യ ശറഫിയ്യ


■ ആർ.സി സാബിറ

വ്യക്തവും കൃത്യവുമായ ഭാഷ, അടുക്കും ചിട്ടയുമുള്ള വാക്കുകൾ, ധീരവും കരുത്തുറ്റതുമായ സ്വരഭംഗി– അനൗൺസർമാരായ സ്ത്രീശബ്ദങ്ങൾ എന്തുകൊണ്ടും പുതുമ പകരുന്നതായി. വൈകുന്നേരം 4 മണി. തീരുമാനിച്ചുറച്ച സമയത്തു തന്നെ പരിപാടി ആരംഭിക്കാൻ കഴിഞ്ഞത് പൊരിവെയിലത്ത് മണിക്കൂറുകളോളം മന്ത്രിമാർക്കും നേതാക്കൾക്കും വേണ്ടി കാത്തു നിന്ന് ശരീരവും മനസ്സും മടുക്കുന്ന നമ്മുടെ കേരള ജനതക്ക് മുമ്പിൽ അനുകരണീയ മാതൃകയാണ്; കൃത്യനിഷ്ഠയുടെ വിഷയത്തിൽ യാതൊരു കൃത്യതയും പാലിക്കാൻ കഴിയാത്തവരാണ് സ്ത്രീകളെന്ന പരാതിക്ക് നടുവിൽ വിശേഷിച്ചും.

നവീന സംവിധാനങ്ങളുടെ മികവിൽ തയാറാക്കിയ പ്രൗഢ ഗംഭീരമായ വേദിയിൽ അണിനിരന്ന വനിതാ പ്രസംഗകർക്കിടയിലെ ഏക പുരുഷ പ്രതിനിധിയായിരുന്നു ജമാഅത്തെ ഇസ്‌ലാമി അമീർ ടി. ആരിഫലി സാഹിബ്. അമീറിന്റെ വാക്കുകൾ കടമെടുത്താൽ 'ഒരു ദശാബ്ദം മുമ്പു നടന്ന ഹിറാ സമ്മേളനത്തിൽ വേദിയിലുണ്ടായിരുന്നത് ഒരേയൊരു സ്ത്രീസാന്നിധ്യമായിരുന്നു. ഈ വേദിയിലാകട്ടെ ഒരേയൊരു പുരുഷ ശബ്ദവും' . സ്വാഗതം മുതൽ സമാപനം വരെ കാലിക പ്രസക്തമായ വിവിധ വിഷയങ്ങളെ അധികരിച്ചു സംസാരിച്ച കരുത്തുറ്റ സ്ത്രീശബ്ദങ്ങൾ വർഷങ്ങളുടെ ശ്രമഫലമായി പ്രസ്ഥാനം വളർത്തിയെടുത്ത കഴിവുറ്റ സ്ത്രീത്വത്തിന്റെ പ്രതീകങ്ങളായിരുന്നു. പ്രസംഗിച്ചു തഴമ്പിച്ച പല പുരുഷ ശബ്ദങ്ങളോടും കിടപിടിക്കുന്ന തരത്തിൽ ശക്തമായ ഭാഷയും വ്യക്തമായ വീക്ഷണവും ദീപ്തമായ ആശയങ്ങളും കൊണ്ട് സമ്പുഷ്ടമായിരുന്നു എല്ലാ പ്രഭാഷണങ്ങളും. പ്രസ്ഥാനത്തിന്റെ വേദികളിലൂടെ വളർന്നു വന്ന ഒട്ടനേകം പ്രസംഗകരും എഴുത്തുകാരും സംഘാടകരും വേദിയെയും സദസ്സിനെയും ധന്യമാക്കി.

സമ്മേളനം ഉദ്ഘാടനം ചെയ്യാൻ എത്തേണ്ടിയിരുന്ന യിവോൺ റിഡ്‌ലിക്ക് ലണ്ടനിലെ ഇന്ത്യൻ എംബസി വിലക്കു കൽപിച്ച വിവരം, ധീരയായ ആ മാധ്യമ പ്രവർത്തകയുടെ കരുത്തുറ്റ വാക്കുകളും ഉറച്ച നിലപാടുകളും പങ്കുവെക്കാൻ കാതോർത്തിരുന്ന സദസ്സിനുണ്ടാക്കിയ നഷ്ടബോധം വാക്കുകൾക്കതീതമാണ്. എങ്കിലും വീഡിയോ കോൺഫറൻസിലൂടെ അവരുടെ സാന്നിധ്യം അനുഭവിക്കാൻ സാധിച്ചത് സദസ്സിൽ ആവേശത്തിരയിളക്കി.

ആരുടെ മുമ്പിലും സത്യം ഉറക്കെ വിളിച്ചു പറയാൻ ധൈര്യം കാണിക്കുന്ന, നീതിനിഷേധം ക്രൂരമായ മനുഷ്യാവകാശ ലംഘനമായിക്കരുതി സമയാസമയങ്ങളിൽ പ്രതികരിക്കുന്ന ഒരു മനുഷ്യാവകാശ പ്രവർത്തകക്ക് സ്ത്രീകളുടെ ഈ മഹാസംഗമത്തിലേക്ക് പ്രവേശനാനുമതി നിഷേധിക്കാനുണ്ടായ കാരണം മനസ്സിലാക്കാൻ ഒട്ടും പ്രയാസപ്പെടേണ്ടി വന്നില്ല. അവരുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ, അവർ

സ്വീകരിച്ച അന്തസ്സുറ്റ വേഷമാണ് ഏവരെയും വിറളി പിടിപ്പിക്കുന്നത്. അർധനഗ്നകൾക്കും അൽപ വസ്ത്രധാരിണികൾക്കും ഇന്ത്യയിലെ ഒരു വേദിയിലും വിലക്കുകളില്ലെന്നു മാത്രമല്ല, സ്ത്രീ ശരീരം പരസ്യപ്പലകകളിലും സൗന്ദര്യമത്സര വേദികളിലും പച്ചയായി പ്രദർശിപ്പിക്കുന്നതിന് പച്ചക്കൊടി കാണിക്കുന്ന നമ്മുടെ അധികാരി വർഗം, വിശ്വാസംകൊണ്ടും ആർജവം കൊണ്ടും നീതിക്കുവേണ്ടി ശബ്ദിക്കുന്ന സഹോദരി റിഡ്‌ലിയെപ്പോലുള്ള സ്ത്രീ ശബ്ദങ്ങളെ തള്ളിപ്പറയുന്നത് അവർ സ്വീകരിച്ച മാന്യവും സുരക്ഷിതവുമായ വേഷത്തിന്റെ പേരിലാണെങ്കിൽ നമ്മുടെ നാടിന്റെ ഗതികേടോർത്ത് നാം പരിതപിക്കുക, ലജ്ജിക്കുക. നീതിനിഷേധവും അവകാശ നിഷേധവും ആവോളം അനുഭവിച്ചവരാണ് നമ്മൾ ഇന്ത്യക്കാർ. എന്നിട്ടുമെന്തേ നമ്മുടെ അധികാരിവർഗത്തിന് നവ നൂറ്റാണ്ടിലെ സത്യത്തിന്റെയും നീതിയുടെയും കരുത്തുറ്റ വ്യക്തിത്വങ്ങളെ തിരിച്ചറിയാനും അംഗീകരിക്കാനും കഴിയാത്തത്? ഗാന്ധിജിയുടെ സമരമുറ സ്വീകരിച്ച യിവോൺ റിഡ്‌ലിക്ക് അതേ ഗാന്ധിജിയുടെ നാട്ടിൽ വിലക്കേർപ്പെടുത്തിയതിലുള്ള പ്രതിഷേധവും അമർഷവും പ്രകടമാക്കുന്ന അവരുടെ വാക്കുകൾ സദസ്സിന് ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേൽക്കാനുള്ള കരുത്ത് നൽകി. അടിച്ചമർത്തുന്തോറും ഉയിർത്തെഴുന്നേൽക്കുക എന്ന ഇസ്‌ലാമിക പാരമ്പര്യം മുറുകെപ്പിടിക്കാനുള്ള അവരുടെ ആഹ്വാനം സ്ത്രീസമൂഹത്തിനു പകർന്നു നൽകിയ പുത്തനുണർവ് ചെറുതൊന്നുമല്ല.

അല്ലാഹുവിന്റെ വിധിയിലും തീരുമാനങ്ങളിലും നന്മ കണ്ടെത്തുന്ന, ഏതൊരു നഷ്ടവും പുതിയൊരു നേട്ടത്തിലേക്കുള്ള ചവിട്ടുപടിയായി അവസരങ്ങളെ മാറ്റിയെടുക്കുന്ന വിശ്വാസിയുടെ കരുത്താർജിച്ച പ്രസ്ഥാനത്തിന് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ സഹോദരി റിഡ്‌ലിയുടെ അസാന്നിധ്യം തിളക്കമാർന്ന നേട്ടമാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞു. നിമിഷങ്ങൾക്കകം തന്നെ ആധുനിക ടെക്നോളജിയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി  വീഡിയോ കോൺഫറൻസിലൂടെ അവരുടെ തേജസുറ്റ മുഖം സ്ക്രീനിൽ തെളിഞ്ഞു. അവരുടെ അസാന്നിധ്യം സൃഷ്ടിച്ച നഷ്ടബോധത്തെ നേട്ടമാക്കി മാറ്റാൻ കാരുണ്യവാനായ റബ്ബ് നൽകിയ



■ **സമ്മേളനവേദിയിൽ ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി**



■ വീഡിയോ കോൺഫറൻസിലൂടെ യിവോൺ റിഡ്‌ലി ഉദ്ഘാടനം നിർവഹിക്കുന്നു

നല്ലൊരവസരമായിരുന്നു അത്. അറിവിന്റെയും ടെക്നോളജിയുടെയും അനന്തവിഹായസ്സിലേക്ക് പറന്നുയരുന്ന മുസ്‌ലിം സ്ത്രീയുടെ പുതിയ മുഖം ലോകം കണ്ടു. അഖില മേഖലകളിലും പ്രസ്ഥാനം സ്ത്രീസമൂഹത്തെ പാകപ്പെടുത്തിയെടുത്തതിന്റെ മകുടോദാഹരണം. യുദ്ധവും സംഘർഷവും തകർത്തെറിഞ്ഞ സ്ത്രീകളുടെയും കുട്ടികളുടെയും വേദനകൾ സഹോദരി റിഡ്‌ലിയുടെ വാക്കുകളിൽ നിറഞ്ഞുനിന്നു. ഇത്തരം അവകാശ നിഷേധത്തിനെതിരെ ശബ്ദിക്കാനുള്ള ആഹ്വാനം സദസ്സ് അക്ഷരാർഥത്തിൽ നെഞ്ചിലേറ്റി.

വനിതാ വിഭാഗം സംസ്ഥാന അധ്യക്ഷ കെ.കെ ഫാത്വിമ സുഹറ ടീച്ചറുടെ അധ്യക്ഷ പ്രസംഗം ശക്തമായ വാക്കുകളും ഉറച്ച നിലപാടുകളും കൊണ്ട് ശ്രദ്ധേയമായി. പക്വമായ സ്ത്രീത്വത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ഭരണാധികാരികൾക്കും മതനേതാക്കൾക്കുമുള്ള അനിഷേധ്യമായ പങ്കും, സ്ത്രീകൾ സ്വയം ആർജിച്ചെടുക്കേണ്ട തിരിച്ചറിവും വ്യക്തമാക്കുന്നതായിരുന്നു അവരുടെ ഉജ്ജ്വല പ്രഭാഷണം.

'സാമൂഹ്യ വിപ്ലവത്തിന് സ്ത്രീ ശക്തി' എന്ന സമ്മേളന പ്രമേയം അവതരിപ്പിച്ച് സംസാരിച്ച സംസ്ഥാന വൈസ് പ്രസിഡന്റ് പി.വി റഹ്മാബി, സമൂഹത്തിലെ ചീഞ്ഞു നാറുന്ന സംസ്കൃതിയുടെ ഇരകളായി മാറിക്കൊണ്ടിരിക്കുന്ന സ്ത്രീസമൂഹത്തെ ഉദ്ബുദ്ധരാക്കാൻ സമ്മേളനം ഉപകരിക്കുമെന്ന പ്രത്യാശ സദസ്സുമായി പങ്കുവച്ചു.

കേരള സ്ത്രീയുടെ വളർച്ചയുടെ പടവുകളിലേക്ക് വിരൽ ചൂണ്ടി അമീർ ടി. ആരിഫലി സാഹിബ് നടത്തിയ മുഖ്യ പ്രഭാഷണം പ്രൗഢ ഗംഭീരവും ശാന്ത സുന്ദരവുമായിരുന്നു. തൗഹീദും രിസാലത്തും ആഖിറത്തും പ്രബോധനം ചെയ്ത പ്രവാചകന്മാരുടെ പാത പിന്തുടർന്നുകൊണ്ടുള്ള പ്രസ്ഥാനത്തിന്റെ ദൗത്യം മനുഷ്യ രാശിയോടാണ്. കാരുണ്യത്തിന്റെ മതമായ ഇസ്‌ലാം വരും ലോകത്തിനുമേൽ തണൽവിരിക്കും. മാർഗതടസ്സം സൃഷ്ടിക്കുന്നവരെ തട്ടിമാറ്റി മുന്നോട്ട് ഗമിക്കുക. ആശയ സമ്പുഷ്ടമായിരുന്നു അമീറിന്റെ വാക്കുകൾ.

പതിനായിരങ്ങൾ പങ്കെടുത്ത മഗ്‌രിബ് – ഇശാ നമസ്കാരങ്ങൾ പകർന്നു നൽകിയ അനുഭൂതി വർണനാതീതമാണ്. അപൂർവങ്ങളിൽ അപൂർവമായ നിമിഷങ്ങൾ. പലർക്കും അത് ജീവിതത്തിലെ ആദ്യാനുഭവമായിരുന്നു. നിളയുടെ ഓളങ്ങളെപോലും

നിശ്ശബ്ദമാക്കുമാറ് ശ്രുതിമധുരവും ഭക്തി നിർഭരവുമായ ഇമാം വി.പി. സഫിയയുടെ ഖുർആൻ പാരായണം അണികളിലുയർത്തിയ ഈമാനിന്റെ അലകൾ അവിസ്മരണീയം. നിളയുടെ മണൽപ്പരപ്പിൽ സുജൂദിൽ വീണു നന്ദിചൊല്ലി ആ പെൺകൂട്ടം. എല്ലാ ആശങ്കകളെയും തട്ടിമാറ്റികൊണ്ട് സമ്മേളനം വൻവിജയമാക്കിതന്ന പടച്ചതമ്പുരാനുള്ള അകമഴിഞ്ഞ നന്ദി.

ജമാഅത്തെ ഇസ്ലാമി അഖിലേന്ത്യ അധ്യക്ഷ അതിയ്യ സിദ്ദീഖ വിജ്ഞാനംകൊണ്ട് ശക്തരാകാൻ സ്ത്രീസമൂഹത്തെ ആഹ്വാനം ചെയ്തു. അഡ്വ. നൂർബീന റഷീദ് തന്റെ സരസവും ലളിതവുമായ ശൈലിയിലൂടെ സദസ്സിനെ കൈയിലെടുത്തു. സൗദ പടന്ന (കുടുംബത്തിലേക്ക് വീണ്ടും), സഫിയ ശറഫിയ്യ (അല്ലാഹുവിലേക്ക്), കെ.കെ റഹീന (വിദ്യാർഥിനികളോട്) എന്നിവരുടെ പ്രഭാഷണങ്ങൾ പഠനാർഹവും ചിന്തോദ്ദീപകവുമായിരുന്നു.

സമ്മേളനത്തിലവതരിപ്പിക്കപ്പെട്ട നാലു പ്രമേയങ്ങൾ (സ്ത്രീധനം, സ്ത്രീ സംവരണം, മുസ്‌ലിം വ്യക്തിനിയമം, സദാചാരം) എന്തുകൊണ്ടും അവസരോചിതവും അധികാരികളുടെ കണ്ണു തുറപ്പിക്കുന്നതുമായി.

സമ്മേളന കൺവീനർ ഇ.സി ആഇശയുടെ സമാപന പ്രസംഗം ആവേശോജ്വലവും ചുമതലാബോധം ഉണർത്തുന്നതുമായിരുന്നു. പ്രസ്ഥാനത്തിൽ പ്രതീക്ഷയർപ്പിച്ച് സ്വഫാ നഗറിലേക്ക് ഒഴുകിയെത്തിയ ആ മഹാ സാഗരത്തെ കൂടെ കൂട്ടി ഈ ഖാഫില മുന്നോട്ടുപോകുമെന്ന ഉഗ്ര പ്രഖ്യാപനം. ഒപ്പം മനുഷ്യാവകാശ പ്രവർത്തകയായ ഒരു വനിതക്ക് സമ്മേളന നഗരിയിലേക്ക് പ്രവേശനാനുമതി നിഷേധിച്ച് ഒരു



സ്ത്രീയുടെ സ്വതന്ത്ര സഞ്ചാരാവകാശത്തെ ചോദ്യം ചെയ്തവർ, ഇസ്ലാമാണ് സ്ത്രീസ്വാതന്ത്ര്യത്തിന് തടസ്സം നിൽക്കുന്നതെന്ന പ്രചാരണങ്ങൾ അവസാനിപ്പിക്കാനുള്ള മാന്യതയെങ്കിലും കാണിക്കണമെന്ന ശക്തമായ താക്കീതും, ഇത്തരം അടിച്ചമർത്തലുകളൊന്നും തന്നെ ഈ സാർഥ വാഹക സംഘത്തെ ഒരിഞ്ചുപോലും പിറകോട്ടു വലിക്കില്ല എന്ന ഉഗ്രമായ മുന്നറിയിപ്പും ഉണ്ടായിരുന്നു ആത്മവിശ്വാസം സ്ഫുരിക്കുന്ന അവരുടെ വാക്കുകളിൽ. തല്ലിക്കെടുത്തുന്തോറും ആളിക്കത്തുന്ന തീനാളത്തിന്റെ ശോഭയുള്ള തീക്ഷ്ണമായ വാക്കുകൾ സൃഷ്ടിച്ച ആത്മവീര്യത്തിന്റെ തേജസ് സദസ്യരുടെ മുഖങ്ങളിൽ ദർശിക്കാനായി. സമ്മേളനം വലിയൊരു ചരിത്ര സംഭവമാക്കാൻ കഴിവും പ്രാപ്തിയും നൽകി അനുഗ്രഹിച്ച കാരുണ്യവാനായ റബ്ബിനെ സാക്ഷിനിർത്തി അർപ്പണ മനോഭാവവും വിശ്വാസിയുടെ വിനീത മനസ്സും കർമയോഗിയായ പോരാളിയുടെ വീര്യവും സ്വായത്തമാക്കി ചെറുസംഘങ്ങളായി നഗരി വിട്ടിറങ്ങിയ കുടുംബിനികൾ അജയ്യനായ നാഥന്റെ സഹായവും കാവൽഭടന്മാരായ അവന്റെ മലക്കുകളുടെ പ്രാർഥനയും പെയ്തിറങ്ങിയ സ്വഫാ നഗറിനോട് വിങ്ങുന്ന മനസ്സോടെയാണ് യാത്ര ചോദിച്ചത്.

പ്രവാചക മാതൃക പിന്തുടർന്നുകൊണ്ട് നാളിതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും സ്ത്രീ സാന്നിധ്യം ഉറപ്പുവരുത്താൻ പ്രസ്ഥാനം നടത്തിയ ശ്രമങ്ങൾ ഫലം കണ്ടതിന്റെ നിർവൃതിയോടെ, യാഥാസ്ഥിതിക പൗരോഹിത്യ വിഭാഗത്തിന്റെ കടുത്ത എതിർപ്പുകളെയും പുരോഗമന പ്രസ്ഥാനങ്ങളുടെ കുപ്രചാരണങ്ങളെയും അവഗണിച്ചുകൊണ്ട് വനിതാ വിഭാഗം നടത്തിയ മുന്നേറ്റങ്ങൾ സമൂഹം നെഞ്ചിലേറ്റിയിരിക്കുന്നു എന്ന തിരിച്ചറിവോടെ, ഉണരാൻ കൊതിക്കുന്ന പതിനായിരങ്ങൾ ഈ പ്രസ്ഥാനത്തിന്റെ അണിയിൽ ഇടം നേടാൻ തുടങ്ങിയിരിക്കുന്നു എന്ന ബോധ്യത്തോടെ, സ്വഫായോട് വിട.

ഇനി പ്രവർത്തകർക്ക് വിശ്രമമില്ലാത്ത നാളുകൾ. ഈ പ്രസ്ഥാനത്തിൽ വിശ്വാസവും പ്രതീക്ഷയുമർപ്പിച്ച് നിളാ തീരത്ത് ഒത്തുകൂടിയ ലക്ഷത്തിൽ പരം സ്ത്രീകൾക്ക് ശക്തി പകരാനും, അവരുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താനുമുള്ള ദൗത്യം ചുമലിലേറ്റികൊണ്ടാണ് പ്രവർത്തകർ നഗരി വിട്ടത്.

'നീ ഒന്നിൽ നിന്നും വിരമിച്ചാൽ മറ്റൊന്നിൽ വ്യാപൃതനാവുക' എന്ന ഖുർആൻ വചനമുൾക്കൊണ്ടു വിശ്രമമില്ലാത്ത രാപ്പകലുകൾക്കായി കാത്തിരിക്കുക. അതുകൊണ്ടുതന്നെയാണ് സമ്മേളനാനന്തരം എന്ന ഒരു പ്രത്യേക വകുപ്പുകൂടി വകുപ്പു വിഭജനത്തിന്റെ ആദ്യവേളയിൽ രൂപീകരിച്ചതും. സമ്മേളനോപഹാരമായി പ്രഖ്യാപിച്ചിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളും സേവന പരിപാടികളും വ്യവസ്ഥാപിതമായി പൂർത്തീകരിക്കാനുള്ള തീവ്ര ശ്രമങ്ങളാണ് ഇനിയുള്ള നാളുകളിൽ വേണ്ടത്.

ചവിട്ടിമെതിക്കപ്പെടുന്ന സ്ത്രീത്വത്തിന് മോചനത്തിന്റെ ചക്രവാളം ചൂണ്ടിക്കാണിച്ചുകൊടുത്ത സമ്മേളനം കേവലം ആളെക്കൂട്ടലായിരുന്നില്ല. പടച്ചതമ്പുരാൻ സ്ത്രീക്ക് അനുവദിച്ചു നൽകിയ അവകാശങ്ങളെക്കുറിച്ച് വ്യക്തവും കൃത്യവുമായ ബോധ്യം പോലുമില്ലാത്തവരാണ് സ്വഫാനഗറിൽ ഒത്തുകൂടിയ പകുതിയിലധികം പേരും. ഇനിയവർക്ക് ദിശാബോധം നൽകേണ്ടതാര്? ഉണർന്നുകഴിഞ്ഞവർക്ക് തുടർമാർഗദർശനം നൽകാൻ, ഉണരാൻ കൊതിക്കുന്ന എന്നാലിനിയും അടിമത്തത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്ന് മോചിതരായിട്ടില്ലാത്തതിനാൽ മനമങ്ങും മിഴിയിങ്ങുമായി വീടുകളിൽ കഴിയേണ്ടിവന്ന, നഗരിയിലേക്കെത്താൻ കഴിയാതെ പോയ പതിനായിരങ്ങൾക്ക് മോചനമാർഗം തുറന്നുകൊടുക്കാൻ ഈ സാർഥ വാഹക

സംഘമല്ലാതെ മറ്റാരുണ്ട്?

ഈ അധിക ഭാരവും ചുമതലയും പേറാനുള്ള കരുത്ത് നമ്മുടെ ചുമലുകൾക്ക് നൽകി അജയ്യനും കാരുണ്യവാനുമായ റബ്ബ് നമ്മെ തുണക്കുമാറാകട്ടെ– ആമീൻ.

വിപ്ലവത്തിന്റെ ഒരു സ്വർഗ സ്വപ്നം അടയാളപ്പെടുത്തിയ നിളയുടെ ഓളങ്ങളും മണൽതരികളും ചരിത്രത്തിന്റെ ഭാഗമാവുകയല്ല, ഒരു പുതിയ ചരിത്രം സൃഷ്ടിക്കുകതന്നെയാണ്. കേരളത്തിൽ മറ്റാർക്കും അവകാശപ്പെടാനില്ലാത്തത്; നേരെ പറഞ്ഞാൽ ഇവിടത്തെ റാഡിക്കൽ ഫെമിനിസ്റ്റുകൾക്ക് പോലും. ■

rasiyachalakkal@gmail.com